"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - പാതിരപ്പള്ളി ഇ.എസ്.ഐ ഡിസ്പെൻസറിയിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.ശ്യാംജിത്ത് ജെ-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.647/2026/LBR തീയതി,തിരുവനന്തപുരം, 16-05-2026

---

പരാമർശം:- 1. അക്കൗണ്ടൻ്റ് ജനറൽ (എ&ഇ) യുടെ 09.03.2026 ലെ GE03/D/1082783/2026-27 നമ്പർ കത്ത്.

2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 25.03.2026 ലെ ഇ1-314/2026/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്.

3. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 22.04.2026 ലെ ഇ1-314/2026/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസറായി 30.07.2020 ൽ ജോലിയിൽ പ്രവേശിച്ച ഡോ.ശ്യാംജിത്ത് ജെ (PEN 893956)-യുടെ ടി തസ്തികയിലെ പ്രൊബേഷൻ കാലയളവ് 29.07.2022 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. ടിയാൻ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ല എന്ന് പരാമർശം (1) പ്രകാരം അക്കൗണ്ടൻ്റ് ജനറൽ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷ ടിയാൻ പാസ്സായത് 21.05.2025 ലാണ്. ആയതിനാൽ ഡോ.ശ്യാംജിത്ത് ജെ-യുടെ പ്രൊബേഷൻ കാലയളവ് 30.07.2022 മുതൽ 29.07.2023 വരെ ദീർഘിപ്പിച്ച് പരാമർശം (2) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഡോ.ശ്യാംജിത്ത് ജെ യുടെ പ്രൊബേഷൻ കാലയളവ് 30.07.2023 മുതൽ 23.05.2025 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.ശ്യാംജിത്ത് ജെ-യുടെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 22.05.2025 ൽ പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി ടി തസ്തികയിലെ പ്രൊബേഷൻ കാലയളവ് 1958 ലെ കേരള സ്റ്റേറ്റ് ആന്റ്

സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ഭാഗം II, ചട്ടം 21 പ്രകാരം 30.07.2023 മുതൽ 23.05.2025 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
ഡോ.ശ്യാംജിത്ത് ജെ, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന.)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 19-05-2026 10:56:41
സെക്ഷൻ ഓഫീസർ